LIBRARY ARCHIVES Kerala Legislative Assembly

(സി) നിക്ഷേപകരുടെ തുക തിരിച്ചുനൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ബാങ്കിന്റെ അഴിമതികളെ സംബന്ധിച്ച് ഗവണ്മെന്റ് തലത്തിൽ നിയോഗിച്ച ഉന്നതതല സമിതി നൽകുന്ന അന്തിമ റിപ്പോർട്ട് പരിശോധിച്ച് നിക്ഷേപകരുടെ തുക തിരികെ നല്കുന്നതുൾപ്പടെയുള്ള പദ്ധതിയാണ് തയ്യാറാക്കുന്നത്.

മണക്കുന്നം വില്ലേജ് സർവീസ് സഹകരണ ബാങ്കിലെ വായ്പാ ക്രമക്കേടുകൾ

320 (705) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദയമ്പേരൂർ മണക്കുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്കിൽ മുൻ ഭരണ സമിതിയുടെ കാലത്ത് വായ്പ ക്രമക്കേടുകൾ നടന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) അനധികൃത വായ്പകൾ തിരിച്ചുപിടിക്കുന്നതിനും കുറ്റവാളികളെ ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രാഥമിക അന്വേഷണം നടന്നുവരുന്നു.

പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്കിലെ ആർബിട്രേഷൻ നടപടികൾ

321 (706) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ സാഹചര്യത്തിൽ നിർത്തിവച്ച പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്കിലെ വായ്പാകുടിശ്ശിക സംബന്ധിച്ച ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സാമ്പത്തിക പ്രതിസന്ധിയിലായ പ്രസ്തുത ബാങ്കിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് കോവിഡ് രോഗവ്യാപനത്തിന് മുൻപേ കുടിശ്ശികയായ നിരവധി വായ്പകളിന്മേലുള്ള ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

സ്വീകരിച്ചുവരുന്നു.